"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീ.കുമാരൻ സി.എം.-ന്റെ ഭാര്യയുടെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.210/2026/AYUSH തീയതി, തിരുവനന്തപുരം, 29-03-2026

---

പരാമർശം:- (1) ശ്രീ.കുമാരൻ സി.എം. സമർപ്പിച്ച 31/08/2021-ലെ അപേക്ഷ.

(2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17/11/2022-ലെ (എൽ.ഡിസ്)എം.ആർ3-38974/2022/ആ.വ.ഡ. - നമ്പർ കത്ത്.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 18/12/2022, 28/04/2024, 20/01/2025, 08/08/2025, 06/02/2026 എന്നീ തീയതികളിലെ DHTVM/978/2022-A4 - നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീ.കുമാരൻ സി.എം.-ന്റെ ഭാര്യയുടെ ചികിത്സയ്ക്കായി 09.03.2021 മുതൽ 13.03.2021 വരെ ഒറ്റപ്പാലം പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചെലവായ 67,155/- രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ, പരാർശം-(2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ 55,327/- രൂപ അർഹത കണക്കാക്കി ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും, ടിയാൾ ചികിത്സ തേടിയിരിക്കുന്നത് സ്വകാര്യ ആശുപത്രിയിലായതിനാൽ, അനുവദനീയമായ തുകയുടെ 80% കണക്കാക്കി അനുമതി ലഭ്യമാക്കണമെന്ന് പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീ.കുമാരൻ സി.എം.-ന്റെ ഭാര്യയുടെ ചികിത്സയ്ക്കായി 09.03.2021 മുതൽ 13.03.2021 വരെ ഒറ്റപ്പാലം പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അർഹത അറിയിച്ച തുകയായ 55,327/-

രൂപയുടെ 80% ആയ 44,262/- രൂപ (നാൽപ്പത്തിനാലായിരത്തി ഇരുന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം. (അസ്സൽ ബില്ലുകളും അനുബന്ധരേഖകളും സഹിതം)
2. ശ്രീ.കുമാരൻ സി.എം., സർക്കാർ ഹോമിയോ ഡിസ്പെൻസറി, തിരുമിറ്റക്കോട്, പാലക്കാട്. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലക്കാട്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ലോൺസ്) വകുപ്പ്. (06/05/2025-ലെ 3058601/Loans-L1/49/2025-FIN നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/12/2023-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Baiju G
Date: 30-03-2026 14:41:51

സെക്ഷൻ ഓഫീസർ.